**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** **12-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുന:ക്രമീകരണത്തിന്റെ ഭാഗമായി സാമൂഹ്യനീതിവകുപ്പിലെ/ വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു.<br><br>നിലവിൽ ഭരണാനുമതി നൽകിയ ഉത്തരവുകൾ പുതുക്കി നൽകിയും ഭരണാനുമതിനല്കാൻ അവശേഷിച്ചിരുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ആണ് ചെയ്തിട്ടുള്ളത്.<br><br>പദ്ധതി പുനഃക്രമീകരണത്തിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം : 1

2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി വകയിരുത്തിയിരുന്ന തുകകളിൽ പദ്ധതി പുനഃക്രമീകരണം നടത്തിയതിന്റെ വിശദാംശങ്ങൾ

(I) സാമൂഹ്യനീതിവകുപ്പ്

| ക്രമനമ്പർ | പദ്ധതിയുടെ പേര് (ശീർഷകം ) | ബജറ്റിൽ വകയിരുത്തിയിരുന്ന തുക | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ ) | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|
| 1. | 2235-60-200-83 പാർശ്വവത്ക്കരിക്കപ്പെട്ടവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരഭങ്ങൾ | 1300 | 528 | 40.61% |
| 2. | 2235-02-001-96 ഭരണ സംവിധാനം മെച്ചപ്പെടുത്തൽ | 550 | 151 | 27.45% |
| 3. | 2235-02-001-93 സാമൂഹ്യനീതിവകുപ്പിനുകീഴിൽ രാഷ്ട്ര ദിവസങ്ങളും ആഴ്ച്ചകളും ഉൾപ്പെട്ടുത്തി ആചരിക്കുന്നതിനുള്ള രേഖാചിത്രവും പ്രചാരണവും (IEC) | 90 | 24 | 26.67% |
| 4. | 2235-02-101-73 പ്രായപൂർത്തിയായ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ പിന്തുണക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള മാതൃകാപരിപാടി | 1000 | 239 | 23.09% |
| 5. | 2235-02-106-93 അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ ഇരകളുടെ പുനരധിവാസം | 250 | 79 | 31.6 |
| 6. | 2235-02-104-82 സായംപ്രഭ | 680 | 216 | 31.76 |
| 7. | 2235-60-200-64 ട്രാൻസ് | 498 | 208 | 41.77% |

| | | | | |
|---|---|---|---|---|
| | ജെൻഡറിന്റെ ക്ഷേമം | | | |
| 8 | 4235-02-101-99 ബാരിയർ ഫ്രീ കേരള സ്കീം | 800 | 706 | 88.25 % |
| 9 | 2235-02-101-56 ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ മോണിറ്ററിങ് & ഇവാല്യുവേഷൻ | 40 | 9 | 22.5% |
| 10 | 2235-60-200-62 NAPDDR - മോണിറ്ററിങ് - സംസ്ഥാന പദ്ധതി | 30 | 18 | 60 % |
| 11 | 2235-60-191-50 -02- ട്രാൻസ്ജെൻഡർ പെൻഷൻ പദ്ധതി | 2 | 2 | 100% |
| 12 | 2235-60-200-72-06 ക്ഷേമ സ്ഥാപനങ്ങളിലെ കെയർ ഗിവേഴ്സിനുള്ള ഓണറേറിയം | 250 | 0 | 0% |
| 13 | 2235-01-800-99 ട്രാൻസിറ്റ് ഹോം | 100 | 2 | 2% |
| 14 | 2235-02-101-53 ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന നിധി | 25 | 25 | 100% |
| | **ആകെ** | **5615** | **2207** | 39.30 % |
| | | | | |

(II) <u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ</u>

| ക്രമ നം. | പദ്ധതിയുടെ പേര് (ശീർഷകം) | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ) | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|
| 1 | ആശ്വാസകിരണം പദ്ധതി<br><br>2235-60-200-72 (02) P | 5000 | 1236 | 24.72 % |
| 2 | സ്നേഹസ്പർശം പദ്ധതി | 150 | 30 | 20 % |

| | | | | |
|---|---|---|---|---|
| | 2235-60-200-72 (03) P | | | |
| 3 | എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ (സ്നേഹസാന്ത്വനം)<br><br>2235-60-200-72 (04) P | 1700 | 0 | 0 |
| 4 | വയോമിത്രം പദ്ധതി<br><br>2235-60-200-72 (07) P | 2750 | 550 | 20 % |
| 5 | സ്നേഹപൂർവ്വം പദ്ധതി<br><br>2235-60-200-72 (11) P | 1739 | 348 | 20 % |
| 6 | സമാശ്വാസം പദ്ധതി<br><br>2235-60-200-72 (25) P | 600 | 120 | 20 % |
| 7 | വി കെയർ പദ്ധതി<br><br>2235-60-200-72 (15) P | 50 | 10 | 20 % |
| 8 | വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി<br><br>2235-02-101-68 | 100 | 20 | 20 % |
| 9 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച | 380 | 76 | 20 % |

| | | | | |
|---|---|---|---|---|
| | കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)<br><br>2235-60-200-72 (21) P | | | |
| 10 | ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്<br><br>2235-60-200-72 (26) | 100 | 20 | 20 % |
| | ആകെ | 12569 | 2410 | 19.17% |

(III) <u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്</u>

| ക്രമ നം | പദ്ധതിയുടെ പേര്<br><br>(ശീർഷകം) | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ) | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|
| 1. | 2235-02-101-69 (03) | 1150.00 | 230 | 20 % |
| 2. | 2235-02-101-69 (04) | 250.00 | 50 | 20 % |
| 3. | 2235-02-101-69 (07) | 400.00 | 80 | 20 % |
| 4. | 2235-02-101-69(08) | 125.00 | 25 | 20 % |
| സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് -പദ്ധതി ശീർഷകങ്ങൾ | | | | |
| 5. | 2235-60-200-72(24) | 100.00 | 20 | 20 % |
| 6. | 2235-02-101-57 | 11.00 | 2.2 | |

| | | | | |
|---|---|---|---|---|
| | | | | 20 % |
| | ആകെ | 2036 | 407.20 | 20 % |

(IV) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷൻ

| പദ്ധതിയുടെ പേര്<br><br>(ശീർഷകം) | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ) | വെട്ടിക്കുറച്ച ശ |
|---|---|---|---|
| **4235-02-190-98-P (ആകെ)** | 900 | 450 | 50 % |
| ശുഭയാത്ര | 305 | 152.5 | 50 % |
| ആശ്വാസം | 290 | 90 | 31.03 |
| ഹസ്തദാനം | 215 | 162.5 | 75.58 |
| പദ്ധതി നടത്തിപ്പ് ചെലവ് (ബജറ്റ് നീക്കിയിരുപ്പിന്റെ 10 % ) | 90 | 45 | 50 % |
| | | | |
| **4235-02-190-99-P (ആകെ)** | 400 | 200 | 50 % |
| ആകെ | 1300 | 650 | 50 % |

(V) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ് )

| ക്രമ നം | പദ്ധതിയുടെ പേര്<br><br>(ശീർഷകം) | ബഡ്ജറ്റ് വിഹിതം | വെട്ടിക്കുറച്ച തുക | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|
| 1. | 2235-02-101-85-പ്ലാൻ-NISH | 19.5 കോടി | 9.27 കോടി രൂപ | 47.54 % |

(VI) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ)

| ക്രമ നം | പദ്ധതിയുടെ പേര്<br><br>(ശീർഷകം) | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ) | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 2235-02-101-69-10-<br>പ്ലാൻ<br><br>1. Upgrading Computer in NIPMR LIbrary<br>2. Procurment of Audiometer and Otoscope for NIPMR<br>3. Procrument of ARMABLE<br>4. Creating a state -of-the-art Rehabilitation Excercise and Sports Center to enhance the well-being of individuals with disabilities<br>5. Procurement of advanced technology equipment for physiotherapy Department | 1250 | 625 | 50 % |

(VII) സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (ശീർഷകം) | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വെട്ടിക്കുറച്ച തുക (ലക്ഷത്തിൽ) | വെട്ടിക്കുറച്ച ശതമാനം |
|---|---|---|---|---|
| 1 | Research & Development for rehabilitation | 20 | 15 | 75% |
| 2 | Printing & Publication of hand books, brochures, booklets & construction of display of boards and slides | 15 | 10 | 66.66% |
| 3 | Seminars, awareness programmes for the public through print & electronic media | 150 | 65 | 43.33% |
| 4 | Conduct inspections, adalaths and sittings | 9 | 5 | 55.55% |
| 5 | Legal aid and legal advice to persons with disabilities | 6 | 5 | 83.33% |
| | Total | 200 | 100 | 50% |
| | | | | |

19-02-2025 ഡോ ആർ ബിന്ദു

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ബാരിയർ ഫ്രീ കേരള പദ്ധതി- കേരള യൂണിവേഴ്സിറ്റി, സ്വരാജ് ഭവൻ നന്തൻകോട്, റീജിയണൽ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്ന പദ്ധതി- 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ പുനഃക്രമീകരണംനടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.266/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-

1. 22.12.2022-ലെ സ. ഉ. (സാധാ) നമ്പർ. 266/2022/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
2. 17.07.2024-ലെ സ. ഉ. (പി) നമ്പർ. 57/2024/ധന സർക്കാർ ഉത്തരവ്.
3. 31.08.2024-ലെ സ. ഉ. (പി) നമ്പർ. 76/2024/ധന സർക്കാർ ഉത്തരവ്.
4. സാമൂഹ്യനീതി ഡയറക്ടറുടെ 13.12.2024-ലെ എസ്.ജെ. ഡി/5282/2024/പി. സി.2 നമ്പർ. കത്ത്
5. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 4235-02-101-99-(പ്ലാൻ) ശീർഷകത്തിൽ ബാരിയർ ഫ്രീ കേരള സ്കീമിനായി വകയിരുത്തിയിട്ടുള്ള 9,00,00,000/- രൂപയിൽ നിന്നും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി, സ്വരാജ് ഭവൻ നന്തൻകോട്, റീജിയണൽ കാൻസർ സെന്റർ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്ന പദ്ധതിക്ക് 3,61,23,000/- രൂപയുടെ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി മൂന്നായിരം രൂപ മാത്രം) ഭരണാനുമതി നൽകി പരാമർശം 1-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ 8,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

3. 2024-2025 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ വിവിധ പദ്ധതി / തുടർ-പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് പരാമർശം 2, 3 ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ വിവിധ പദ്ധതികളുടെ പുനഃക്രമീകരണം സംബന്ധിച്ച പ്രപ്പോസൽ പരാമർശം 4-പ്രകാരം ലഭ്യമാക്കുകയും, ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പരാമർശം 5-പ്രകാരം

അംഗീകാരം നൽകുകയുംചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി, സ്വരാജ് ഭവൻ നന്തൻകോട്, റീജിയണൽ കാൻസർ സെന്റർ എന്നിവ ബാരിയർ ഫ്രീ കേരള (ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ) പദ്ധതിപ്രകാരം ഭിന്നശേഷി സൗഹൃദമാക്കുന്ന പദ്ധതിയ്ക്കായി 2022-2023 സാമ്പത്തികവർഷം 4235-02-101-99-(പ്ലാൻ) ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിനായി പരാമർശം 1-പ്രകാരം നൽകിയ ഭരണാനുമതിയിൽ ചുവടെപ്പറയും പ്രകാരം ഭേദഗതിവരുത്തിക്കൊണ്ട് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ. | പദ്ധതി/ശീർഷകം | മുൻപ് വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്ന തുക | ഈ സാമ്പത്തിക വർഷം പുനഃക്രമീകരിച്ച തുക |
|---|---|---|---|
| | 4235-02-101-99-പ്ലാൻ-ബാരിയർ ഫ്രീ കേരള പദ്ധതി | 3,61,23,000/- | 77,85,342/- |
| a. | കേരള യൂണിവേഴ്സിറ്റി | 70,00,000/- | 35,00,000/- |
| b. | സ്വരാജ് ഭവൻ നന്തൻകോട് | 2,05,00,000/- | 0/- |
| c. | റീജിയണൽ കാൻസർ സെന്റർ | 86,23,000/- | 42,85,342/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ), തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ധനകാര്യ (പ്ലാനിംഗ്. ബി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jasmine Thomas
Date: 20-12-2024 11:53:02

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2024-2025 സാമ്പത്തികവർഷം സാമൂഹ്യനീതിവകുപ്പിന്റെ നേതൃത്വത്തിലുള്ള വിവിധ പദ്ധതികൾക്കായി പുറപ്പെടുവിച്ച ഭരണാനുമതികൾ ഈ സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിലുള്ള പുനഃക്രമീകരണത്തിന്റെ ഭാഗമായി പുതുക്കിയ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.267/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

---

| | | |
|---|---|---|
| പരാമർശം: | 1. | 16.04.2024, 28.06.2024 എന്നീ തിയതികളിലായി ചേർന്ന വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗങ്ങളുടെ യോഗനടപടിക്കുറിപ്പുകൾ |
| - | 2. | 18-05-2024-ലെ സ.ഉ.(സാധാ) നം.81/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 3. | 25-05-2024-ലെ സ.ഉ.(സാധാ) നം.94/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 4. | 25-05-2024-ലെ സ.ഉ.(സാധാ) നം.95/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 5. | 28-05-2024-ലെ സ.ഉ.(സാധാ) നം.104/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 6. | 30-05-2024-ലെ സ.ഉ.(സാധാ) നം.108/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 7. | 01-06-2024-ലെ സ.ഉ.(സാധാ) നം.110/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 8. | 05-06-2024-ലെ സ.ഉ.(സാധാ) നം.114/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 9. | 10-06-2024-ലെ സ.ഉ.(സാധാ) നം.117/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 10. | 12-06-2024-ലെ സ.ഉ.(സാധാ) നം.120/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |
| | 11. | 27-06-2024-ലെ സ.ഉ.(സാധാ) നം.140/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ് |

12. 28-06-2024-ലെ സ.ഉ.(സാധാ) നം.141/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
13. 27-07-2024-ലെ സ.ഉ.(സാധാ) നം.161/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
14. 29-07-2024-ലെ സ.ഉ.(സാധാ) നം.164/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
15. 31-07-2024-ലെ സ.ഉ.(സാധാ) നം.177/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
16. 31-07-2024-ലെ സ.ഉ.(സാധാ) നം.179/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
17. 01-08-2024-ലെ സ.ഉ.(സാധാ) നം.180/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
18. 01-08-2024 -ലെ സ.ഉ.(സാധാ) നം.181/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
19. 05-08-2024-ലെ സ.ഉ.(സാധാ) നം.187/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
20. 05-08-2024-ലെ സ.ഉ.(സാധാ) നം.189/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
21. 17.07.2024-ലെ സ. ഉ. (പി) നമ്പർ. 57/2024/ധന സർക്കാർ ഉത്തരവ്
22. 31.08.2024-ലെ സ. ഉ. (പി) നമ്പർ. 76/2024/ധന സർക്കാർ ഉത്തരവ്
23. സാമൂഹ്യനീതി ഡയറക്ടറുടെ 16.11.2024-ലെ എസ്.ജെ.ഡി/5282/2024/പി.സി.2 നമ്പർ. കത്തും തുടർന്നുള്ള കത്തുകളും
24. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

2024-2025 സാമ്പത്തികവർഷത്തിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ വിവിധ പ്രപ്പോസലുകൾ പരാമർശം 1-പ്രകാരമുള്ള രണ്ട് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പരിഗണിക്കുകയും, പ്രസ്തുത വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ശിപാർശകളിൻ പ്രകാരവും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതെ

ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടിയും പരാമർശം 2 മുതൽ 20 വരെയുള്ള സർക്കാർ ഉത്തരവുകളിൻപ്രകാരം ഈ സാമ്പത്തികവർഷത്തെ വിവിധ ശീർഷകങ്ങളിൽനിന്ന് തുകകൾ വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിഡയറക്ടർക്ക് ഭരണാനുമതികൾനൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024-2025 സാമ്പത്തികവർഷത്തിലെ സംസ്ഥാനത്തെ വിവിധ പദ്ധതി / തുടർ-പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് ധനകാര്യവകുപ്പിന്റെ പരാമർശം 21, 22 എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിഡയറക്ടർ, പ്രസ്തുത ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുനഃക്രമീകരണം സംബന്ധിച്ച പ്രപ്പോസൽ പരാമർശം 23-പ്രകാരം ലഭ്യമാക്കുകയും, ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പരാമർശം 24-പ്രകാരം അംഗീകാരം നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ ശീർഷകങ്ങളിൽ 2024-2025 സാമ്പത്തിക വർഷത്തിലെ പദ്ധതിവിഹിതത്തിൽ ചുവടെപ്പറയുംവിധം പുനഃക്രമീകരണംവരുത്തി, പരാമർശം 2 മുതൽ 20 വരെയുള്ള വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതിയുത്തരവുകളിൽ ഭേദഗതികൾവരുത്തിക്കൊണ്ട് പുതുക്കിയ ഭരണാനുമതിയുത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | പദ്ധതി/ശീർഷകം | ഭരണാനുമതി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | ഭരണാനുമതി നൽകിയിരുന്ന തുക | പുനഃക്രമീകരിച്ച തുക |
|---|---|---|---|---|
| 1 | 2235-60-200-83 | | | |
| a. | സഹജീവനം സ്നേഹഗ്രാമം | പരാമർശം 13 | 72,53,465/- | 40,35,430/- |
| b. | പ്രത്യാശ പദ്ധതി | പരാമർശം 12 | 3,51,5400/- | 14,06,160/- |
| c. | റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ് -ഡേ കെയർ പദ്ധതി - IMHANS | പരാമർശം 9 | 35,45,900/- | 19,83,380/- |
| d. | ദുർബലവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി | പരാമർശം 3 | 76,50,000/- | 45,79,500/- |
| e | ഭിന്നശേഷിസൗഹൃദ പഞ്ചായത്തുകൾക്കുള്ള പ്രവേശനക്ഷമതാ മാർഗനിർദേശം (BFCC ) | പരാമർശം 17 | 15,00,000/- | 7,50,000/- |
| f | NIDAS സെമിനാർ | പരാമർശം 5 | 26,65,690/- | 0/- |
| 2 | 2235-02-001-96 | | | |
| a | പ്രിയ ഹോം (സ്ത്രീകൾ ) | പരാമർശം 7 | 47,00,000/- | 20,00,000/- |
| b | ബാരിയർ ഫ്രീ പാർക്ക് & സെൻസറി ഗാർഡൻ - അറ്റകുറ്റപണിക | പരാമർശം 10 | 3,10,680/- | 3,10,680/- |

| | | | | |
|---|---|---|---|---|
| | ൾ, കെയർടേക്കറുടെ വേതനം | | | |
| c | കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കൽ | പരാമർശം 4 | 27,56,000/- | 22,04,800/- |
| 3 | 2235-02-101-73 | | | |
| a | എൻ.ജി.ഒ പങ്കാളിത്തത്തോടെ പ്രതീക്ഷാഭവനുകൾ ആരംഭിക്കുന്ന പദ്ധതി | പരാമർശം 11 | 45,48,000/- | 36,38,400/- |
| b | പുണ്യഭവൻ,പ്രതീക്ഷാഭവൻ - IMHANS-ൽ നിന്നുള്ള സാങ്കേതികപിന്തുണ ലഭിക്കുന്നതിനുള്ള പദ്ധതി | പരാമർശം 20 | 56,20,800/- | 18,00,000/- |
| c | എൻ.ജി.ഒ അക്രെഡിറ്റേഷൻ -ടിസ്സ് കേരള 2016-17 | പരാമർശം 19 | 6,48,560/- | 6,48,560/- |
| 4 | 2235-60-200-64 | | | |
| a | ട്രാൻസ്ജെൻഡർ വ്യക്തിഗത ഗുണണഭോക്തൃ പദ്ധതികൾ | പരാമർശം 2 | 2,24,00,000/- | 1,55,20,000/- |
| b | ട്രാൻസ്ജെൻഡർ ക്രൈസിസ് ഇന്റെർവെൻഷൻ സെന്റർ | പരാമർശം 2 | 35,28,500/- | 8,20,000/- |
| c. | സാകല്യം | പരാമർശം 2 | 28,00,000/- | 9,00,000/- |
| d | അനന്യം | പരാമർശം 16 | 12,00,000/- | 12,00,000/- |
| e | ട്രാൻസ്ജെൻഡർ ഷോർട്ട് സ്റ്റേ/കെയർഹോം | പരാമർശം 2 | 32,00,000/- | 30,86,528/- |
| f | ട്രാൻസ്ജെൻഡർ വർക്ക് ഷോപ്പ് | പരാമർശം 16 | 10,00,000/- | 5,00,000/- |
| g | ട്രാൻസ്ജെൻഡർ ക്ഷേമ ബോധവത്കരണ പരിപാടികൾ | പരാമർശം 16 | 31,72,500/- | 2,00,000/- |
| h | ഓവർസീസ് സ്കോളർഷിപ്പ് | പരാമർശം 16 | 25,00,000/- | 0/- |
| i | പ്രതിഭ | പരാമർശം 16 | 7,75,000/- | 0/- |
| j | ട്രാൻസ്ജെൻഡർ ഫെസ്റ്റ് | പരാമർശം 16 | 40,00,000/- | 10,00,000/- |
| k | ബോഡിബിൽഡിങ് മത്സരത്തിൽ പങ്കെടുത്ത ഇനത്തിൽ ട്രാൻജെന്ഡർ വ്യക്തിയായ ജെയ്സണ് തുക അനുവദിച്ചത് | പരാമർശം 14 | 50,000/- | 50,000/- |
| 5. | 2235-02-106-93 | | | |
| a. | നേർവഴി പദ്ധതി | പരാമർശം 8 | 1,57,68,780/- | 98,00,000/- |
| | പ്രൊബേഷൻ -വ്യക്തിഗത ഗുണഭ | | | |

| | | | | |
|---|---|---|---|---|
| b. | ോക്തൃ പദ്ധതികൾ | പരാമർശം 8 | 81,05,000/- | 50,25,000/- |
| **6.** | **2235-01-800-99** | | | |
| a | ട്രാൻസിറ്റ് ഹോം | പരാമർശം 6 | 97,43,484/- | 96,96,914/- |
| 7 | **2235-02-101-56** | | | |
| a | ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ & ട്രെയിനിങ് | പരാമർശം 15 | 28,00,000/- | 19,00,000/- |
| **8** | **4235-02-101-99** | | | |
| a | ബാരിയർ ഫ്രീ - ഗവ.കെയർഹ ോം പുലയനാർകോട്ട | പരാമർശം 18 | 58,45,993/- | 11,69,200/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ) തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ധനകാര്യ (പ്ലാനിംഗ്. ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 20-12-2024 11:53:46
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ബാരിയർ ഫ്രീ സെൻസറി ഗാർഡൻ എന്ന പദ്ധതിയുടെ ഭാഗമായി കോസ്റ്റ്ഫോർഡ് എന്ന കമ്പനിക്ക് നൽകാനുള്ള ബാലൻസ് തുക നൽകുന്നതിന് സാമൂഹ്യനീതിഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2025/SJD തീയതി,തിരുവനന്തപുരം, 03-01-2025

പരാമർശം:-

1. സ.ഉ (സാധാ) നം. 723/2019 /സാ നീ വ തീയതി 23/11/2019
2. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 21.08.2024 തീയതിയിലെ എസ്.ജെ.ഡി/100637/2024/ഡി5 നം. കത്ത്
3. 17.07.2024 ലെ സ.ഉ.(പി) 57/2024/ധന നം. ഉത്തരവ്
4. 31.08.2024 ലെ സ.ഉ.(പി) 76/2024/ധന നം. ഉത്തരവ്
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 16.11.2024 ലെ എസ് ജെ ഡി /5282/2024/പി.സി.2 നം. കത്തും തുടർന്നുള്ള കത്തുകളും
6. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന 2024-25 സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

ബാരിയർ ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി ബാരിയർ ഫ്രീ സെൻസറി ഗാർഡൻ എന്ന പദ്ധതിക്കായി 2019-2020 സാമ്പത്തിക വർഷത്തെ 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ 30,00,000/- രൂപ വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിനല്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചതിനാൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി കോസ്റ്റ്ഫോർഡ് എന്ന കമ്പനിക്ക് ആകെ ചെലവായ തുക 28,25,320/- രൂപയിൽ നാളിതുവരെ അനുവദിച്ച നൽകിയ 23,79,862/-രൂപ കിഴിച്ച് ബാക്കി GST,TDS ഡിഡക്ഷൻസ് ഉൾപ്പെടെ 4,45,458/-രൂപ നടപ്പ് സാമ്പത്തികവർഷത്തെ 4235-02-101-99 (പ്ലാൻ) ശീർഷകത്തിൽനിന്ന് അനുവദിച്ചുനൽകണമെന്നും പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ പുതുക്കി നൽകണമെന്നും സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ വിവിധ പദ്ധതി/തുടർപ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് ധനകാര്യവകുപ്പിന്റെ പരാമർശം(3) , (4) എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ സാമൂഹ്യനീതിഡയറക്ടർ, വിവിധ പദ്ധതികളുടെ പുനക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും, ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പരാമർശം (6) പ്രകാരം അംഗീകാരം നല്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാരിയർഫ്രീ കേരള പദ്ധതിയുടെ ഭാഗമായി ബാരിയർ ഫ്രീ സെൻസറി ഗാർഡൻ എന്ന പദ്ധതിക്കായി 2019-2020 സാമ്പത്തികവർഷം 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ അനുവദിച്ച 30,00,000/- രൂപയിൽ, പ്രസ്തുത പ്രവൃത്തികൾക്കായി കോസ്റ്റ്ഫോർഡ് എന്ന കമ്പനിക്ക് ഇനിയും നൽകാനുള്ള 4,45,458/- രൂപ(including GST and TDS) (നാലുലക്ഷത്തി നാല്പത്തയ്യായിരത്തി നാന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) നടപ്പുസാമ്പത്തിക വർഷത്തെ 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽനിന്ന് അനുവദിക്കുന്നതിന് സാമൂഹ്യനീതിഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള , തിരുവനന്തപുരം
ധനകാര്യ (വെൽഫെയർവിംഗ്) വകുപ്പ്
ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ ഡിവിഷൻ), വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 04-01-2025 10:59:31

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ്- 2023-2024 സാമ്പത്തികവർഷം സംസ്ഥാന സംസ്ഥാന ഭിന്നശേഷി നയം, സംസ്ഥാന വയോജനനയം എന്നിവ റിവ്യൂ ചെയ്ത് ആവശ്യമായ ഭേദഗതിയും, സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ എൽഡർലി, റോഡ് മാപ്പ് ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് മെന്റൽ ഹെൽത്ത് എന്നിവയുടെ തയ്യാറാക്കൽ എന്നിവയ്ക്കായി പുറപ്പെടുവിച്ച ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4/2025/SJD തീയതി,തിരുവനന്തപുരം, 03-01-2025

---

പരാമർശം:-

1. 04.08.2023 ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്
2. സഉ(സാധാ) 182/2023/എസ് ജെ ഡി തീയതി 27.08.2023
3. 17.07.2024 ലെ സഉ(പി) 57/2024/ധന നം ഉത്തരവ്
4. 31.08.2024 ലെ സഉ(പി) 76/2024/ധന നം ഉത്തരവ്
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 16.11.2024 ലെ എസ് ജ.ഡി 5282/2024/പിസി2 നം കത്തും തുടർന്നുള്ള കത്തുകളും
6. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുനക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

**2023-2024** സാമ്പത്തിക വർഷം സംസ്ഥാന സംസ്ഥാന ഭിന്നശേഷി നയം, സംസ്ഥാന വയോജനനയം എന്നിവ റിവ്യൂ ചെയ്ത് ആവശ്യമായ ഭേദഗതിയും, സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ എൽഡർലി, റോഡ് മാപ്പ് ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് മെന്റൽഹെൽത്ത് എന്നിവയ്ക്കായി ടെക്നിക്കൽ സപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസൽ അംഗീകരിച്ച് 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ 37,78,225/- രൂപയുടെ ഭരണാനുമതി സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് നല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024-25 സാമ്പത്തികവർഷം വിവിധ പദ്ധതി/തുടർ പ്രോജക്ടുകൾ എന്നിവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് ധനകാര്യവകുപ്പിന്റെ പരാമർശം (3) , (4) എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വിവിധ പദ്ധതികളുടെ പുനക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പരാമർശം (6) പ്രകാരം അംഗീകാരം നല്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തികവർഷം സാമൂഹ്യനീതിവകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാന സംസ്ഥാന ഭിന്നശേഷിനയം, സംസ്ഥാന വയോജനനയം എന്നിവ റിവ്യൂ ചെയ്ത് ആവശ്യമായ ഭേദഗതിയും , സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ എൽഡർലി, റോഡ് മാപ്പ് ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് മെന്റൽ ഹെൽത്ത് എന്നിവയുടെ തയ്യാറാക്കൽ എന്നിവയ്ക്കായി നൽകിയ 37,78,225/- രൂപയുടെ ഭരണാനുമതി പരാമർശം 6 പ്രകാരം പുനക്രമീകരിച്ച്, 2024-25 സാമ്പത്തികവർഷത്തെ 2235-02-001-96-പ്ലാൻ ശീർഷകത്തിൽ 13,37,491/- രൂപ (പതിമൂന്നുലക്ഷത്തി മുപ്പത്തേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റൊന്ന് രൂപ മാത്രം) വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതിനല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം
3.ധനകാര്യ (വെൽഫെയർ വിംഗ് )വകുപ്പ്
4. ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്
5. ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ ഡിവിഷൻ), വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 04-01-2025 11:03:35
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2024-2025 സാമ്പത്തികവർഷം സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിലുള്ള വിവിധ പദ്ധതികൾക്കായി പുറപ്പെടുവിച്ച ഭരണാനുമതികൾ ഈ സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിലുള്ള പുനക്രമീകരണത്തിന്റെ ഭാഗമായി പുതുക്കിയ ഭരണാനുമതിനല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5/2025/SJD തീയതി,തിരുവനന്തപുരം, 03-01-2025

പരാമർശം:-
1. 12.12.2023 ൽ ചേർന്ന വകുപ്പതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം
2. സഉ(സാധാ) 11/2024/എസ് ജെ ഡി തീയതി 09.01.2024
3. 17.07.2024 ലെ സഉ(പി) 57/2024/ധന നം. ഉത്തരവ്
4. 31.08.2024 ലെ സഉ(പി) 76/2024/ധന നം. ഉത്തരവ്
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 16.11.2024 ലെ എസ് ജെ ഡി /5282/2024/പി.സി.2 നം. കത്തും തുടർന്നുള്ള കത്തുകളും
6. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുനക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

സാമൂഹ്യനീതിവകുപ്പിനുകീഴിലെ കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, UPS എന്നിവ വാങ്ങുന്നതിന് കേരള ഐ ടി മിഷന്റെ സഹായത്തോടെ GAP അനാലിസിസ് നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കീഴ് കാര്യാലയങ്ങളിൽനിന്ന് ശേഖരിച്ച ആവശ്യകതാ റിപ്പോർട്ടിൻ പ്രകാരം പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് ആകെ 70,75,420/- രൂപ 2023-2024 സാമ്പത്തികവർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിനല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024-25 സാമ്പത്തികവർഷത്തെ സംസ്ഥാനത്തെ വിവിധ പദ്ധതി/തുടർപ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് ധനകാര്യവകുപ്പിന്റെ പരാമർശം(3) , (4) എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെ

അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വിവിധ പദ്ധതികളുടെ പുനക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും, ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പരാമർശം (6) പ്രകാരം അംഗീകാരം നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന് കീഴിലെ കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, UPS എന്നിവ വാങ്ങുന്നതിന് പരാമർശം 2 പ്രകാരം നൽകിയ ഭരണാനുമതിതുകയായ 70,75,420/- രൂപ പുനക്രമീകരിച്ചുകൊണ്ട് പരാമർശം 6 പ്രകാരമുള്ള മിനിട്സിൻറെ അടിസ്ഥാനത്തിൽ 2024-2025 സാമ്പത്തികവർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ, 67,10,850/- രൂപ (അറുപത്തേഴുലക്ഷത്തി പതിനായിരത്തി എണ്ണൂറ്റിയമ്പത് രൂപ മാത്രം) വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള , തിരുവനന്തപുരം
3.ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
4.ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്
5.ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ ഡിവിഷൻ), വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 04-01-2025 11:05:24
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ്- സാമൂഹ്യനീതിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്ന പദ്ധതി നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിന് പുതുക്കിയ ഭരണാനുമതിനല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2025/SJD തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:-
1. സഉ(സാധാ) 323/2019/എസ് ജെ ഡി തീയതി 01.06.2019 നമ്പർ ഉത്തരവ്
2. 17.07.2024 ലെ സഉ(പി) 57/2024/ധന നം ഉത്തരവ്
3. 31.08.2024 ലെ സഉ(പി) 76/2024/ധന നം. ഉത്തരവ്
4. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 31.8.2024,7.11.2024 തീയതികളിലെ എസ് ജെ ഡി /1477/2020/പി. സി3 നം കത്തുകൾ
5. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 16.11.2024 ലെ എസ് ജെ ഡി /5282/2024/പി സി2 നം കത്തും തുടർന്നുള്ള കത്തുകൾ
6. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുനക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) മുഖേന നടത്തുന്ന പദ്ധതിക്കായി പരാമർശം (1) പ്രകാരം 2235-02-001-96 (P) എന്ന ശീർഷകത്തിൽനിന്ന് 21,41,700/- രൂപ വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിനല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയുടെ 50% ആയ 10,70,850/- രൂപ ആദ്യഗഡു ആയി CMD ക്ക് അനുവദിക്കുകയും ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ ബാക്കിയുള്ള 50 % ആയ 10,70,850/- രൂപകൂടി 2235-02-001-96-പ്ലാൻ ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതിനൽകണമെന്നും ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 2024-25 സാമ്പത്തികവർഷത്തെ സംസ്ഥാനത്തെ വിവിധ പദ്ധതി/തുടർപ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണംവരുത്തുന്നതിന് പരാമർശം (3), (4) പ്രകാരമുള്ള ധനകാര്യവകുപ്പിന്റെ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ വിവിധ പദ്ധതികളുടെ പുനഃക്രമീകരണം

സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും പരാമർശം (6) പ്രകാരം ആയത് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് ചേർന്ന യോഗത്തിൽ പരിഗണിച്ച് അംഗീകാരം നല്കുകയുംചെയ്തിരുന്നു. സോഷ്യൽ ഓഡിറ്റ് നടത്തിയതിൻറെ ബാലൻസ് തുക നൽകുന്നതിനായി 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയ ഇനത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെൻറിന് (CMD) നൽകാനുള്ള ബാലൻസ് തുക നൽ കുന്നതിനായി 2024-25 സാമ്പത്തികവർഷത്തെ 2235-02-001-96 (P) ശീർഷകത്തിൽ 10,70,850/- രൂപ (പത്തുലക്ഷത്തി എഴുപതിനായിരത്തിയെണ്ണൂറ്റമ്പതുരൂപ മാത്രം) വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
3.ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
4.ധനകാര്യ(പ്ലാനിംഗ് ബി) വകുപ്പ്
5. ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂ മീഡിയ ഡിവിഷൻ), വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Remya Kumari L
സെക്ഷൻ ഓഫീസർ
Date: 07-01-2025 15:13:10

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

എസ് ജെ ഡി - കോഴിക്കോട് ജില്ലയിൽ സ്ഥിതിചെയ്യുന്ന HMDC/പുണ്യഭവൻ എന്ന സ്ഥാപനത്തിന്റെ നവീകരണത്തിനായി ചെലവഴിച്ച തുക അനുവദിച്ചുനൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതിനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.50/2025/SJD തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. 25.11.2019-ലെ സ. ഉ. (സാധാ) നമ്പർ. 755/2019/സാ.നീ.വ സർക്കാർ ഉത്തരവ്.
2. 10.08.2021-ലെ സ. ഉ. (അച്ചടി) നമ്പർ. 15/2021/സാ.നീ.വ സർക്കാർ ഉത്തരവ്.
3. 04.06.2022-ലെ സ. ഉ. (സാധാ) നമ്പർ. 152/2022/സാ.നീ.വ സർക്കാർ ഉത്തരവ്
4. 12.04.2023-ലെ സ. ഉ. (സാധാ) നമ്പർ. 70/2023/സാ.നീ.വ സർക്കാർ ഉത്തരവ്
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 31.07.2024, 12.12.2024 എന്നീ തീയതികളിലെ എസ്.ജെ.ഡി/256/2020/ഡി.2 നമ്പർ കത്തുകൾ

**ഉത്തരവ്**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന അഗതികളോ, നിരാശ്രയരോ ആയ കുട്ടികളുടെ സംരക്ഷണം, പരിശീലനം, പുനരധിവാസം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യനീതിവകുപ്പിനു കീഴിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന HMDC/പുണ്യഭവൻ എന്ന സ്ഥാപനത്തിൽ പരാമർശം 1മുതൽ 4 വരെയുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് (എച്ച്.എൽ.എഫ്.പി.പി.റ്റി) എന്ന സ്ഥാപനം മുഖേന നവീകരണപ്രവർത്തനങ്ങൾ നടത്തി ഒരു മാതൃകാസ്ഥാപനമായി ഉയർത്തിയിരുന്നു.

2. പരാമർശം-3 സർക്കാർ ഉത്തരവിൻ പ്രകാരം മൂന്നാം ഘട്ട പ്രവർത്തനങ്ങൾ നടത്തിയ ഇനത്തിൽ എച്ച്.എൽ.എഫ്.പി.പി.റ്റി എന്ന സ്ഥാപനത്തിന് 10,55,686/- രൂപകൂടി അനുവദിച്ച് നല്കാനുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക ടി സ്ഥാപനത്തിന് അനുവദിക്കുന്നതിന് അനുമതിനൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം 5-പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതിവകുപ്പിനു കീഴിൽ കോഴിക്കോട് ജില്ലയിൽപ്രവർത്തിക്കുന്ന പുണ്യഭവന്റെ മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ നടത്തിയ ഇനത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് (എച്ച്.എൽ.എഫ്.പി.പി.റ്റി) എന്ന സ്ഥാപനത്തിന് ഇനിയും നൽകാനുള്ള 10,55,686/-രൂപ (പത്ത് ലക്ഷത്തി അൻപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) 2024-2025 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽനിന്ന് അനുവദിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതിനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതിഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (23.02.2025-ലെ
WW.-2/140/2024/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 04-03-2025 10:48:54
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

21 DEC 2024

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാർക്കായി തസ്തികകൾ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാർക്കായി സ്ഥാപനങ്ങൾ രജിസ്റ്റർചെയ്യുന്നതിനുമായി 2235 - 60-200-83 (പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ 29,59,224/- രൂപ ചെലവഴിക്കുന്നതിന് 24.05.2024-ലെ സ.ഉ. (സാധാ) നം. 91/2024/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിനൽകിയ 29,59,224/- രൂപ 12,94,700/- രൂപയായി പുനഃക്രമീകരണംവരുത്തി ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.268/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

പരാമർശം:-
1. സ. ഉ.(സാധാ) നം. 91/2024/സാ.നീ.വ. തീയതി 24.05.2024.
2. ധനകാര്യ വകുപ്പിന്റെ 31.08.2024 ലെ GO P 76/2024/Fin നമ്പർ ഉത്തരവ്.
3. സാമൂഹ്യനീതി ഡയറക്ടറുടെ 13.12.2024-ലെ SJD/5282/2024-PC2 നമ്പർ കത്ത്.
4. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/12/2024 ൽ ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുനക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ നടപടക്കുറിപ്പ്

ഉത്തരവ്

2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാർക്കായി തസ്തികകൾ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാർക്കായി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമായി 2235 - 60-200-83 (പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ 29,59,224/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിനൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ കടമെടുപ്പുപരിധിയിലുണ്ടായ ഇടിവുനിമിത്തം പദ്ധതിവിഹിതത്തിൽ ക്രമീകരണംവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ചുവടെച്ചേർക്കുന്നു.

| Name of Scheme | Total As amount (in Rupees) | Total Expenditure (in Rupees) (30 | Amount prioritized |
|---|---|---|---|

| | | | |
|---|---|---|---|
| | | 10.2024) | |
| Identification of post to PwDs and SOP for registration of PWD Institutions (RPwD Cell) | 29,59,224 | 3,77,594 | 12,94,700 |

3.സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ച 2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാർക്കായി തസ്തികകൾ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാർക്കായി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമായി 2235 -60-200-83 (പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ 29,59,224/- രൂപ ചെലവഴിക്കുന്നതിന് 24.05.2024-ലെ സ.ഉ. (സാധാ) നം. 91/2024/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിനൽകിയ 29,59,224/- രൂപ 12,94,700/-(പന്ത്രണ്ട ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തിയെഴുന്നൂറുമാത്രം) രൂപയായി പുന:ക്രമീകരണംവരുത്തി ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ട്രഷറി വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 20-12-2024 10:09:08
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് -2024-25 സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിൽ പുന:ക്രമീകരണംനടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**.സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.272/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-

1. 16/04/2024 ൽ കൂടിയ വകുപ്പുതല വർക്കിഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. 28/06/2024 ൽ കൂടിയ വകുപ്പുതല വർക്കിഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 GO (Rt) No. 124/2024/ SJD dated 14/06/2024 നമ്പർ ഉത്തരവ് .

4 GO (Rt) No. 101/2024/ SJD dated 26/05/2024 നമ്പർ ഉത്തരവ്.

5 GO (Rt) No. 102/2024/ SJD dated 26/05/2024 നമ്പർ ഉത്തരവ് .

6 GO (Rt) No. 123/2024/ SJD dated 14/06/2024 നമ്പർ ഉത്തരവ്.

7 GO (Rt) No. 175/2024/ SJD dated 31/07/2024 നമ്പർ ഉത്തരവ്.

8 GO (Rt) No. 176/2024/ SJD dated 31/07/2024 നമ്പർ ഉത്തരവ് .

9 GO(P) No 76/2024/Fin dated 31/08/2024 നമ്പർ ഉത്തരവ്.

10. സാമൂഹ്യനീതി ഡയറക്ടറുടെ 16/11/2024 ലെ SJD - 5282/2024/PC 2 നമ്പർ കത്ത്.

11 04/12/2024 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽച്ചേർന്ന യോഗം.

## ഉത്തരവ്

2024-25 സാമ്പത്തികവർഷത്തിൽ വിവിധപദ്ധതികളുടെ നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ വിവിധ പ്രൊപ്പോസലുകൾ പരാമർശം (1) (2) പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിരുന്നു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) മുതൽ (8) വരെയുള്ള ഉത്തരവുകൾപ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. 2024-25 ൽ സംസ്ഥാനത്തെ വിവിധ പദ്ധതികൾ / തുടർ പ്രൊജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണംനടത്തുന്നതിന് ധനവകുപ്പ് പരാമർശം (9) പ്രകാരം ഉത്തരവായിരുന്നു. സാമൂഹ്യനീതി ഡയറക്ടർ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുന:ക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (10) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും പരാമർശം (11) പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04/12/2024 ൽ ചേർന്ന യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ 2235-60-200-83-83 (p) എന്ന പ്ലാൻ ശീർഷകത്തിൽനിന്ന് താഴെപ്പറയും പ്രകാരം 2024-25 സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിൽ പുന:ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sr. No | Name of Scheme | Government Order | Total As amount (in Rupees) | Total Expenditure (in Rupees) (30 10.2024 | Amount prioritized |
|---|---|---|---|---|---|
| 1 | (1) Individual beneficiary schemes differently abled | GO (Rt) No. 124/2024/ SJD | 54991000 | 16361938 | 35000000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | (3) Punarjani Care Home | GO (Rt) No. 101/2024/ SJD | 5000000 | 891750 | 1500000 |
| 3 | (5) SNAC & LLC working fund | GO (Rt) No. 102/2024/ SJD | 5000000 | 648773 | 2500000 |
| 4 | (9) Upgradation of Vocational training institutions under SocialJustice | GO (Rt) No. 123/2024/ SJD | 7500000 | 648773 | 3500000 |
| 5 | (11) Sensitaization programme - RPWD Act | GO (Rt) No. 175/2024/ SJD | 2998000 | 0 | 1000000 |
| 6 | (15) Snehayanam | GO (Rt) No. 176/2024/ SJD | 5600000 | 0 | 0 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 20-12-2024 10:49:10
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ ഉറപ്പുവരുത്തുന്നതിനായുള്ള സമഗ്രപദ്ധതിയായ അതിജീവനം പദ്ധതിക്കായി വകയിരുത്തിയ 2.5 കോടി രൂപ ചെലവഴിക്കുന്നതിന് 02.06.2024-ലെ സ.ഉ. (സാധാ) നം. 113/2024/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ 2.5 കോടി രൂപ ഒരു കോടിരൂപയായി പുനഃക്രമീകരണംവരുത്തി ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.273/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:- 1. 02.06.2024-ലെ സ.ഉ. (സാധാ) നം. 113/2024/സാ.നീ.വ നമ്പർ ഉത്തരവ്.

2. ധനകാര്യ വകുപ്പിന്റെ 31.08.2024-ലെ G.O.(P) No. 76/2024/Fin നമ്പർ ഉത്തരവ്.

3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 13.12.2024-ലെ SJD/5282/2024/പി.സി.2 നമ്പർ കത്ത്.

4. ചിഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/12/2024 ൽ ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പുന:ക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ നടപടക്കുറിപ്പ്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ ഉറപ്പുവരുത്തുന്നതിനായുള്ള സമഗ്രപദ്ധതിയായ അതിജീവനം പദ്ധതിക്കായി വകയിരുത്തിയ 2.5 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിനൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ കടമെടുപ്പുപരിധിയിലുണ്ടായ ഇടിവുനിമിത്തം പദ്ധതിവിഹിതത്തിൽ പുനഃക്രമീകരണം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ചുവടെച്ചേർക്കുന്നു.

| Name of Scheme | Total As amount (in Rupees) | Total Expenditure (in Rupees) (30 10.2024) | Amount prioritized |
|---|---|---|---|
| Athijeevanam | 2,50,00,000 | 12,84,829 | 1,00,00,000 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ ഉറപ്പുവരുത്തുന്നതിനായുള്ള സമഗ്രപദ്ധതിയായ അതിജീവനം പദ്ധതിക്കായി 2235-02-101-73(P) എന്ന Head of Account ൽ വകയിരുത്തിയ, 2.5 കോടി രൂപ ചെലവഴിക്കുന്നതിന് 02.06.2024-ലെ സ.ഉ. (സാധാ) നം. 113/2024/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിനൽകിയ 2.5 കോടി രൂപ 1,00,00,000/-രൂപയായി (ഒരു കോടിരൂപ മാത്രം) പുനഃക്രമീകരണംവരുത്തി ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്.- ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
അക്കാണ്ടന്റ് ജനറൽ ( എ&ഇ/ജി&.എസ്.,എസ്.എ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 20-12-2024 11:50:40
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

21 DEC 2024

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 2024-25 സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിൽ പുന:ക്രമീകരണംനടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.274/2024/SJD തീയതി,തിരുവനന്തപുരം, 20-12-2024

പരാമർശം:-

1. 16.04.2024-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. 28.06.2024-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. സ.ഉ. (സാധാ) നം. 125/2024/സാ.നീ.വ. തീയതി 14.06.2024 നമ്പർ ഉത്തരവ്.
4. സ.ഉ.(പി) നം. 76/2024/ഫിൻ തീയതി 21.08.2024 നമ്പർ ഉത്തരവ്
5. സാമൂഹ്യനീതി ഡയറക്ടറുടെ 16.11.2024-ലെ SJD-5282/2024/PC2 നമ്പർ കത്ത്.
6. 04.12.2024-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽച്ചേർന്ന യോഗം.

ഉത്തരവ്

2024-25 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ വിവിധ പ്രൊപ്പോസലുകൾ പരാമർശം (1), (2) പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിരുന്നു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. 2024-25-ൽ സംസ്ഥാനത്തെ വിവിധ പദ്ധതികൾ/തുടർ പ്രൊജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണംനടത്തുന്നതിന് ധനവകുപ്പ് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. സാമൂഹ്യനീതി ഡയറക്ടർ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുന:ക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും പരാമർശം (6) പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ 2235-60-200-83(പ്ലാൻ) എന്ന പ്ലാൻ ശീർഷകത്തിൽനിന്ന് താഴെപ്പറയും പ്രകാരം 2024-25

സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തൽ പുന:ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

| Name of Scheme | Total As amount (in Rupees) | Total Expenditure (in Rupees) (30 10.2024) | Amount prioritized |
|---|---|---|---|
| Community Disability management and rehabilitation programme-CDMRP | 11343000 | 4537200 | 8773368 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി വകുപ്പ്, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 21-12-2024 11:56:46
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - 2024-25 സാമ്പത്തികവർഷത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി വകയിരുത്തിയ 5 കോടിരൂപ ചെലവഴിക്കുന്നതിന് 02.06.2024-ലെ സ.ഉ.(സാധാ) നം. 113/2024/സാ.നീ.വ നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതിനൽകിയ 5 കോടിരൂപ പുനഃക്രമീകരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.23/2025/SJD തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:-

1. 02.06.2024-ലെ സ.ഉ.(സാധാ)നം.113/2024/സാ.നീ.വ നമ്പർ ഉത്തരവ്.
2. ധനകാര്യവകുപ്പിന്റെ 31.08.2024-ലെ GO(P) No. 76/2024/Fin നമ്പർ ഉത്തരവ്.
